## മധുരമായ കുട്ടികളേ- ബാബ വന്നിരിക്കുകയാണ് നിങ്ങളെ ആത്മീയ കല പഠിപ്പിക്കാൻ, ഈ കലയിലൂടെ നിങ്ങൾ സൂര്യനും ചന്ദ്രനും ഉപരിയായി ശാന്തിധാമത്തിലേക്ക് പോകുന്നു.

**ചോദ്യം –** സയൻസിന്റെ ഗർവും സൈലൻസിന്റെ ഗർവും തമ്മിലുള്ള വ്യത്യാസമെന്താണ്?
**ഉത്തരം –** സയൻസിന്റെ ഗർവ് ചന്ദ്രനിലും നക്ഷത്രങ്ങളിലും പോകുന്നതിനുവേണ്ടി എത്ര പൈസയാണ് ചിലവഴിക്കുന്നത്. ശരീരത്തിന്റെ ആപൽശങ്ക ഇല്ലാതെയാണ് പോകുന്നത്. റോക്കറ്റ് എവിടെയെങ്കിലും പരാജയപ്പെട്ടുപോകരുത് എന്ന ഭയവും അവർക്കുണ്ട്. സൈലൻസിൽ ഗർവിതരായ നിങ്ങൾ കുട്ടികൾ ഒരു ചിലവുമില്ലാതെ സൂര്യനും ചന്ദ്രനുമെല്ലാം ഉപരിയായ മൂലവതനത്തിലേക്ക് പോകുന്നു. നിങ്ങൾക്ക് ഭയമില്ല, കാരണം നിങ്ങൾ ശരീരത്തെ ഇവിടെത്തന്നെ ഉപേക്ഷിച്ചാണ് പോകുന്നത്.

**ഓം ശാന്തി –** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ശാസ്ത്രജ്ഞർ ചന്ദ്രനിൽ പോകുന്നതിന് പ്രയത്നിച്ചുകൊണ്ടിരിക്കുന്നു എന്നെല്ലാം കുട്ടികൾ കേട്ടുകൊണ്ടിരിക്കുന്നുണ്ട്. പക്ഷെ അവർ കേവലം ചന്ദ്രനിൽ വരെ പോകാനുള്ള പ്രയത്നമാണ് നടത്തുന്നത്, എത്ര ചെലവാണ് ചെയ്യുന്നത്. വളരെ ഭയമാണ് മുകളിലേക്ക് പോകാൻ. ഇപ്പോൾ നിങ്ങൾ സ്വയം ചിന്തിക്കൂ, നിങ്ങൾ എവിടെ വസിക്കുന്നവരാണ്? അവർ ചന്ദ്രൻ വരെ പോകുന്നു. നിങ്ങൾ സൂര്യനും ചന്ദ്രനും ഉപരിയായി ബ്രഹ്മലോകത്തിലേക്ക് പോകുന്നു. അവർ മുകളിലേക്ക് പോകുമ്പോൾ അവർക്ക് ധാരാളം പണം ലഭിക്കുന്നു. മുകളിൽ പോയി കറങ്ങി തിരിച്ചുവന്നാൽ അവർക്ക് ലക്ഷങ്ങളുടെ ഉപഹാരങ്ങളാണ് ലഭിക്കുന്നത്. അവർ ശരീരത്തെ അപകടപ്പെടുത്തിയാണ് പോകുന്നത്. അതാണ് സയൻസിന്റെ ഗർവ്. നിങ്ങൾക്കുള്ളത് സൈലൻസിന്റെ ഗർവ്. നിങ്ങൾക്കറിയാം നമ്മൾ ആത്മാവ് തന്റെ ശാന്തിധാമം ബ്രഹ്മാണ്ഡത്തിലേക്കാണ് പോകുന്നത്. ആത്മാവാണ് എല്ലാം ചെയ്യുന്നത്. അവർ ആത്മാവും ശരീരവും ഒരുമിച്ച് മുകളിലേക്ക് പോകുന്നു. വളരെ അപകടകരമാണ്. ഭയപ്പെടുന്നുമുണ്ട്, മുകളിൽനിന്നും താഴേക്ക് വീണാൽ ജീവൻ പോകും. അതെല്ലാം ഭൗതികമായ കലകളാണ്. നിങ്ങളെ ബാബ പഠിപ്പിക്കുന്നത് ആത്മീയ കലയാണ്. ഈ കല പഠിക്കുന്നതിലൂടെ നിങ്ങൾക്ക് എത്ര വലിയ ഉപഹാരമാണ് ലഭിക്കുന്നത്. 21 ജന്മങ്ങളിലേക്കുള്ള ഉപഹാരം ലഭിക്കുന്നു, യഥാക്രമം പുരുഷാർത്ഥമനുസരിച്ച്. ഇക്കാലത്ത് സർക്കാർ ലോട്ടറിയെല്ലാം തുടങ്ങിയിട്ടുണ്ടല്ലോ. ഇവിടെ ബാബ നിങ്ങൾക്ക് ഉപഹാരമാണ് നൽകുന്നത്. എന്താണ് പഠിപ്പിക്കുന്നത്? നിങ്ങളെ ശരിക്കും മുകളിലേക്ക് കൊണ്ടുപോകുന്നു, അവിടെയാണ് നിങ്ങളുടെ വീട്. ഇപ്പോൾ നിങ്ങൾക്ക് ഓർമ്മ വന്നില്ലേ നമ്മുടെ വീടെവിടെയാണ്, നഷ്ടപ്പെട്ട രാജധാനി എവിടെയാണ്. രാവണനാണ് തട്ടിയെടുത്തത്. ഇപ്പോൾ വീണ്ടും നമ്മൾ നമ്മുടെ യഥാർത്ഥ വീട്ടിലേക്ക് പോകുന്നു. രാജധാനിയും നേടുന്നു. മുക്തിധാമം നമ്മുടെ വീടാണ്. ഇതാർക്കും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി ബാബ എവിടെനിന്നാണ് വരുന്നത്. എത്ര ദൂരെനിന്നാണ് വരുന്നത്. ആത്മാവ് റോക്കറ്റാണ്. മുകളിലേക്ക് പോയി നോക്കാൻ ശാസ്ത്രജ്ഞർ പരിശ്രമിക്കുന്നു-ചന്ദ്രനിൽ എന്താണുള്ളത്, നക്ഷത്രങ്ങളിലെന്താണുള്ളത്? നിങ്ങൾക്കറിയാം ഇതെല്ലാം നാടകശാലയിലെ വിളക്കുകളാണ്. എങ്ങിനെയാണോ നിങ്ങൾ സ്റ്റേജിൽ വൈദ്യുതവിളക്കുകൾ ഘടിപ്പിക്കാറുള്ളത്, മ്യൂസിയത്തിലും നിങ്ങൾ വിളക്കിന്റെ മാലകളെല്ലാം തൂക്കിയിടാറുണ്ടല്ലോ. ഇത് പിന്നെ പരിധിയില്ലാത്ത ലോകമാണ്. ഇവിടെ ഈ സൂര്യനും, ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശം നൽകുന്നതാണ്. സൂര്യനും ചന്ദ്രനുമെല്ലാം ദേവതകളാണെന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്. എന്നാൽ ഇവ ദേവതയല്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബ എങ്ങിനെയാണ് വന്ന് നമ്മളെ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നത്. ശിവബാബ ജ്ഞാനസൂര്യനും, ബ്രഹ്മാബാബ ജ്ഞാന ചന്ദ്രനും ഒപ്പം ഓരോ കുട്ടികളും ജ്ഞാനത്തിന്റെ ഭാഗ്യനക്ഷത്രങ്ങളുമാണ്. ജ്ഞാനത്തിലൂടെത്തന്നെയാണ് നിങ്ങൾ കുട്ടികൾക്ക് സദ്ഗതിയുണ്ടായിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ എത്ര ദൂരെയാണ് പോകുന്നത്. ബാബ തന്നെയാണ് വീട്ടിലേക്ക് പോകാനുള്ള വഴി പറഞ്ഞുതരുന്നത്. ബാബയ്ക്കല്ലാതെ വേറെയാർക്കും തിരിച്ചു വീട്ടിലേക്ക് കൊണ്ടുപോകാൻ സാധിക്കില്ല. ബാബ എപ്പോഴാണോ വന്ന് പഠിപ്പ് നൽകുന്നത്, അപ്പോഴാണ് അറിയുന്നത്. ഇതും മനസ്സിലാക്കി, നമ്മൾ ആത്മാക്കൾ എപ്പോഴാണോ പാവനമായി മാറുന്നത് അപ്പോഴേ വീട്ടിലേക്ക് പോകാൻ സാധിക്കൂ. പിന്നെ ഒന്നുകിൽ യോഗബലത്തിലൂടെയോ അല്ലെങ്കിൽ ശിക്ഷകളുടെ ബലത്തിലൂടെയോ പാവനമായി മാറണം. ബാബ മനസ്സിലാക്കിത്തരികയാണ് എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം നിങ്ങൾ പാവനമായി മാറും. ഓർമ്മിക്കുന്നില്ലെങ്കിൽ പതിതരായിട്ടുതന്നെ ഇരിക്കും, പിന്നെ ശിക്ഷകൾ അനുഭവിക്കേണ്ടിവരും പദവിയും ഭ്രഷ്ടമാകും. നിങ്ങൾക്ക് അങ്ങനെയങ്ങനെ വീട്ടിലേക്ക് പോകാൻ

സാധിക്കും എന്ന് ബാബ സ്വയം നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്. ബ്രഹ്മാണ്ഡം എന്താണ്, സൂക്ഷ്മവതനം എന്താണ് ഒന്നും അറിയില്ലായിരുന്നു. വിദ്യാർത്ഥികൾ ആദ്യം തന്നെ എല്ലാം മനസ്സിലാക്കില്ലല്ലോ, എപ്പോഴാണോ പഠിക്കാൻ ആരംഭിക്കുന്നത് അപ്പോൾ അറിവ് വർദ്ധിക്കാൻ ആരംഭിക്കും. അറിവും ചെറുതുമുണ്ട്, വലിയതുമുണ്ട്. ഐ.സി.എസ് പരീക്ഷയെഴുതിയാൽ ജ്ഞാനിയാണ് എന്ന് പറയും. ഇതിലും ഉയർന്ന ജ്ഞാനം വേറൊന്നുമില്ല. ഇപ്പോൾ നിങ്ങളും എത്ര ഉയർന്ന ജ്ഞാനമാണ് പഠിക്കുന്നുത്. ബാബ നിങ്ങൾക്ക് പവിത്രമായി മാറാനുള്ള യുക്തി പറഞ്ഞുതരികയാണ് അതായത്, കുട്ടികളേ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പതിതത്തിൽനിന്നും പാവനമായി മാറും. വാസ്തവത്തിൽ നിങ്ങൾ ആത്മാക്കൾ പാവനമായിരുന്നു. മുകളിൽ തന്റെ വീട്ടിൽ വസിച്ചിരുന്നവരായിരുന്നു, എപ്പോൾ നിങ്ങൾ സത്യയുഗത്തിൽ ജീവൻമുക്തിയിലായിരുന്നുവോ ബാക്കിയെല്ലാവരും മുക്തിധാമത്തിലായിരുന്നു. മുക്തിധാമത്തേയും ജീവന്മുക്തിധാമത്തേയും നമ്മൾ ശിവാലയമെന്ന് പറയുന്നു. മുക്തിയിൽ ശിവബാബയും ഇരിക്കുന്നുണ്ട്, നമ്മൾ കുട്ടികളും വസിച്ചിരുന്നു. ഇതാണ് ഉയർന്ന ആത്മീയ ജ്ഞാനം. ശാസ്ത്രജ്ഞർ പറയും ഞങ്ങൾ ചന്ദ്രനിൽ പോയി വസിക്കും. അവർ എത്ര പരിശ്രമിക്കുന്നു. മിടുക്കു കാണിക്കുകയാണ്. അവർ കോടിക്കണക്കിന് മൈലുകൾക്കപ്പുറം മുകളിലേക്ക് പോകുന്നു, എന്നാലും അവരുടെ ആശ പൂർത്തീകരിക്കപ്പെടുന്നില്ല, പക്ഷെ നിങ്ങളുടെ ആശ പൂർത്തീകരിക്കപ്പെടുന്നു. അവരുടേത് അസത്യമായ ഭൗതികമായ ഗർവാണ്, നിങ്ങളുടേത് ആത്മീയ ഗർവാണ്. അവർ മായയുടെ മിടുക്കാണ് കാണിക്കുന്നത്. ഇത് കണ്ട് മനുഷ്യർ എത്ര കൈയ്യടിക്കുന്നു, അനുമോദിക്കുന്നു. അവർക്ക് ധാരാളം നേട്ടങ്ങളും ഉണ്ടാകുന്നുണ്ട്. അഞ്ചും പത്തും കോടികൾ ലഭിക്കുന്നു. അവർക്ക് എത്ര പൈസയാണോ ലഭിക്കുന്നത്, അതെല്ലാം ഇല്ലാതാകും എന്ന ജ്ഞാനം നിങ്ങൾക്കുണ്ട്. ബാബ സ്വയം നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്, ബാക്കി കുറച്ച് ദിവസങ്ങളേ ഉള്ളൂ എന്ന് മനസ്സിലാക്കൂ. ഇന്നെന്താണ്, നാളെ എന്താകും. ഇന്ന് നിങ്ങൾ നരകവാസിയാണ്, നാളെ സ്വർഗ്ഗവാസിയാകും. കൂടുതൽ സമയം എടുക്കില്ല, അവരുടേത് ഭൗതികമായ ശക്തിയാണ്, നിങ്ങളുടേത് ആത്മീയശക്തിയാണ്. ഇത് കേവലം നിങ്ങളേ അറിയുന്നുള്ളൂ. അവരുടെ ഭൗതികമായ ശക്തി കൂടിവന്നാൽ എവിടെ വരെ പോകും. ചന്ദ്രനിൽ അഥവാ നക്ഷത്രം വരേക്ക് എത്തും. ഒപ്പം യുദ്ധവും ആരംഭിക്കും. പിന്നീട് എല്ലാം അവസാനിക്കും. അവരുടെ കലകൾ ഇവിടെ വെച്ചുതന്നെ അവസാനിക്കും. അവരുടേത് ഭൗതികമായ ഉയർന്ന കലയാണ്, നിങ്ങളുടേത് ആത്മീയമായ ഉയർന്ന കലയാണ്. നിങ്ങൾ ശാന്തിധാമത്തിലേക്ക് പോകുന്നു. അതിന്റെ പേരാണ് മധുരമായ വീട്. അവരെത്ര മുകളിലേക്കാണ് പോകുന്നത്. നിങ്ങൾ കണക്കെടുക്കൂ – നിങ്ങളെത്ര മൈലുകൾക്കും അപ്പുറം മുകളിലേക്ക് പോകുന്നു? നിങ്ങൾ ആരാണ്? ആത്മാക്കൾ. ബാബ പറയുന്നു ഞാൻ എത്ര മൈലുകൾക്ക് മുകളിലായിട്ടാണ് വസിക്കുന്നത്. എണ്ണാൻ സാധിക്കുമോ! അവർക്ക് എണ്ണാൻ സാധിക്കും, പറയാറുമുണ്ട് ഇത്ര മൈലുകൾ മുകളിലേക്ക് പോയി പിന്നീട് തിരിച്ചുവന്നു. വളരെ മുൻകരുതലുകൾ ചെയ്യാറുണ്ട്, ഇങ്ങനെ ഇറങ്ങണം, ഇത് ചെയ്യണം, വളരെ ശബ്ദകോലാഹലങ്ങളാണ്. നിങ്ങൾ ശബ്ദങ്ങളുണ്ടാക്കുന്നുണ്ടോ. നിങ്ങൾ എവിടേക്ക് പോകുന്നു പിന്നെ എങ്ങനെ വരുന്നു, ആരും അറിയുന്നില്ല. നിങ്ങൾക്ക് എന്ത് ഉപഹാരമാണ് ലഭിക്കുന്നത്, അതും നിങ്ങളേ അറിയുന്നുള്ളു. ആശ്ചര്യമാണ്. ബാബയുടെ അത്ഭുതമാണ്, ആരും അറിയുന്നില്ല. നിങ്ങൾ പറയും ഇത് പുതിയ കാര്യമല്ല. ഓരോ 5000 വർഷത്തിനുശേഷവും ഈ അഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ ഈ സൃഷ്ടിയാകുന്ന ഡ്രാമയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ കാലയളവ് നല്ലപോലെ അറിഞ്ഞു. നിങ്ങളുടെയുള്ളിൽ ലഹരിയുണ്ടായിരിക്കണം – ബാബ നമ്മളെ എന്താണ് പഠിപ്പിക്കുന്നത്. വളരെ ഉയർന്ന പുരുഷാർത്ഥം ചെയ്യുന്നു, വീണ്ടും ചെയ്യും. ഈ കാര്യങ്ങളെല്ലാം ആരും അറിയുന്നില്ല. ബാബ ഗുപ്തമാണ്. നിങ്ങൾക്ക് ദിവസവും എത്ര മനസ്സിലാക്കിത്തരുന്നു. നിങ്ങൾക്ക് എത്ര ജ്ഞാനം നൽകുന്നു. അവർ പോകുന്നത് പരിധിവരേക്കാണ്. നിങ്ങൾ പോകുന്നത് പരിധിയില്ലാത്തതിലേക്കാണ്. അവർ ചന്ദ്രൻ വരേക്ക് പോകുന്നു. അതൊക്കെ വലിയ വലിയ പ്രകാശഗോളങ്ങളാണ്. വേറെ ഒന്നും ഇല്ല. അവർക്ക് ഭൂമി വളരെ ചെറുതായി കാണാൻ കഴിയും. അപ്പോൾ അവരുടെ ഭൗതികജ്ഞാനവും നിങ്ങളുടെ ജ്ഞാനവും തമ്മിൽ എത്ര വ്യത്യാസമാണ്. നിങ്ങൾ ആത്മാവ് എത്ര ചെറുതാണ്. പക്ഷേ വേഗതയുള്ള റോക്കറ്റാണ്. ആത്മാക്കൾ മുകളിലാണ് വസിക്കുന്നത്. അവിടെനിന്ന് പാർട്ട് അഭിനയിക്കുന്നതിനായി വരുന്നു. ബാബ പരം ആത്മാവാണ്. പക്ഷേ ബാബയുടെ പൂജ എങ്ങിനെ ചെയ്യും. ഭക്തിയും തീർച്ചയായും ഉണ്ടാകുകതന്നെ വേണം.

ബാബ മനസ്സിലാക്കിത്തരികയാണ് പകുതി കൽപം ജ്ഞാനത്തിന്റെ പകലാണ്, പകുതി കൽപം ഭക്തിയുടെ രാത്രിയാണ്. ഇപ്പോൾ സംഗമയുഗത്തിൽ നിങ്ങൾ ജ്ഞാനം എടുക്കുന്നു. സത്യയുഗത്തിൽ ജ്ഞാനമില്ല. അതുകൊണ്ട് ഇതിനെ പുരുഷോത്തമസംഗമയുഗമെന്ന് പറയുന്നു. എല്ലാവരേയും പുരുഷോത്തമരാക്കി മാറ്റുകയാണ്. നിങ്ങൾ ആത്മാവ് എത്ര ദൂരെ ദൂരെയാണ് പോകുന്നത് നിങ്ങൾക്ക് സന്തോഷമല്ലേ. അവർ കഴിവുകൾ പ്രകടിപ്പിക്കുമ്പോൾ വളരെ പൈസ ലഭിക്കുന്നു. എത്ര തന്നെ ലഭിച്ചാലും പക്ഷേ നിങ്ങൾക്കറിയാം

അതൊന്നും കൂടെ കൊണ്ടുപോകുന്നില്ല. എല്ലാം ഇല്ലാതാകാനുള്ളതാണ്. ഇപ്പോൾ നിങ്ങൾക്ക് എത്ര വില പിടിപ്പുള്ള രത്നങ്ങളാണ് ലഭിക്കുന്നത്. ഇതിന്റെ മൂല്യത്തെ നിർണ്ണയിക്കാൻ കഴിയില്ല. ലക്ഷക്കണക്കിന് രൂപയാണ് ഓരോ ജ്ഞാനരത്നങ്ങൾക്കും. എത്ര കാലമായി നിങ്ങൾ കേട്ടുകൊണ്ടേ വരുന്നു. ഗീതയിൽ എത്ര അമൂല്യമായ ജ്ഞാനമാണ്. ഈ ഒരു ഗീതയെ മാത്രമാണ് ഏറ്റവും അമൂല്യമെന്ന് പറയുന്നത്. സർവ്വശാസ്ത്രങ്ങൾക്കും ശിരോമണിയായിട്ടുള്ളത് ശ്രീമദ് ഭഗവത്ഗീതയാണ്. മനുഷ്യർ അത് പഠിക്കുന്നുണ്ടെങ്കിലും അതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. ഗീത പഠിക്കുന്നതിലൂടെ എന്താകും. ഇപ്പോൾ ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ, എങ്കിൽ നിങ്ങൾ പാവനമായി മാറും. അവർ ഗീത പഠിക്കുന്നുണ്ട്, പക്ഷേ ഒരാൾക്കുപോലും ബാബയുമായി യോഗമില്ല. ബാബയെത്തന്നെ സർവ്വവ്യാപിയെന്ന് പറയുന്നു. പാവനമായി മാറാനും കഴിയുന്നില്ല. ഇപ്പോൾ ഈ ലക്ഷ്മീനാരായണന്റെ ചിത്രം നിങ്ങളുടെ മുന്നിലുണ്ട്. ഇവരെ ദേവതയെന്ന് പറയുന്നു. കാരണം ദൈവീകഗുണമുള്ളവരാണ്. നിങ്ങൾ ആത്മാക്കൾക്ക് പാവനമായി മാറി എല്ലാവർക്കും തന്റെ വീട്ടിലേക്ക് പോകണം. പുതിയ ലോകത്തിൽ ഇത്രയും മനുഷ്യരില്ല. ബാക്കി എല്ലാ ആത്മാക്കൾക്കും പോകണം തന്റെ വീട്ടിലേക്ക്. നിങ്ങൾക്ക് ബാബ അത്ഭുതകരമായ ജ്ഞാനം നൽകുന്നു, ഇതിൽനിന്നും നിങ്ങൾ മനുഷ്യരിൽനിന്നും ദേവതകളായി വളരെ ഉയർന്നവരായി മാറുന്നു. ഇങ്ങനെയുള്ള പഠിപ്പിൽ എത്ര അറ്റൻഷൻ കൊടുക്കണം. ഇതും മനസ്സിലാക്കണം ആര് കഴിഞ്ഞ കൽപ്പത്തിലും അറ്റൻഷൻ കൊടുത്തിട്ടുണ്ടോ, അതേപോലെ കൊടുത്തുകൊണ്ടിരിക്കും. അറിയാൻ കഴിയും. ബാബ സേവനത്തിന്റെ വാർത്തകൾ കേട്ട് സന്തോഷിക്കുന്നുണ്ട്. ബാബക്ക് ഒരിക്കലും കത്തെഴുതുന്നില്ലെങ്കിൽ മനസ്സിലാക്കാൻ കഴിയും അവരുടെ ബുദ്ധിയോഗം എവിടെയോ കുരുങ്ങിക്കിടപ്പുണ്ട്. ദേഹാഭിമാനത്തിലേക്ക് വന്നു, ബാബയെ മറന്നു. അല്ലെങ്കിൽ ചിന്തിക്കൂ പ്രേമവിവാഹം നടന്നാൽ അവർക്ക് പരസ്പരം എത്ര സ്നേഹമുണ്ടായിരിക്കും. അതെ, ചിലരുടെയൊക്കെ ചിന്ത മാറിപ്പോയാൽ തന്റെ ഭാര്യയെപ്പോലും കൊന്നുകളയുന്നവരുമുണ്ട്. നിങ്ങൾക്കും ബാബയുമായി പ്രേമവിവാഹമാണ്. ബാബ വന്ന് നിങ്ങൾക്ക് തന്റെ പരിചയം നൽകുകയാണ്. നിങ്ങൾക്ക് സ്വയം പരിചയം നേടാൻ കഴിയില്ല. ബാബക്ക് വരേണ്ടിവരുന്നു. ബാബ വരുന്നത് അപ്പോഴാണ് എപ്പോഴാണോ ലോകം പഴയതാകുന്നത്. പഴയതിനെ പുതിയതാക്കി മാറ്റാൻ തീർച്ചയായും സംഗമത്തിലേക്കാണ് വരുന്നത്. ബാബയുടെ കർത്തവ്യമാണ് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുക. നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുക. അങ്ങനെയുള്ള ബാബയോട് എത്ര സ്നേഹമുണ്ടായിരിക്കണം. പിന്നെ എന്തുകൊണ്ട് പറയുന്നു ബാബ ഞങ്ങൾ മറന്നുപോയി. ബാബ എത്ര ഉയർന്നതിലും ഉയർന്നതാണ്. ബാബയെക്കാളും ഉയർന്നതായി ആരുമില്ല. മനുഷ്യർ മുക്തിക്കുവേണ്ടി എത്ര പരിശ്രമിക്കുന്നു, എത്ര ഉപായങ്ങൾ തിരയുന്നു. എത്ര അസത്യവും വഞ്ചനയുമാണ് നടന്നുകൊണ്ടിരിക്കുന്നത്. മഹർഷിമാർക്കെല്ലാം എത്ര മഹിമയാണ്. സർക്കാർ പത്തും ഇരുപതും ഏക്കർ ഭൂമി അവർക്ക് നൽകുന്നു. സർക്കാർ മുഴുവൻ അധാർമികമാണ് എന്നല്ല. ഇതിൽ ഏതെങ്കിലും മന്ത്രി ധാർമ്മിക ചിന്തയുള്ളവരായിരിക്കും, ചിലർ അധാർമ്മികരായിരിക്കും. പറയാറില്ലേ ധർമ്മം ശക്തിയാണ്. ക്രിസ്ത്യാനികളിലും ശക്തിയുണ്ടായിരുന്നല്ലോ. മുഴുവൻ ഭാരതത്തേയും വിഴുങ്ങി സ്ഥലം വിട്ടു. ഇപ്പോൾ ഭാരതത്തിൽ ഒരു ശക്തിയുമില്ല. എത്ര കലഹങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ആ ഭാരതം എന്തായിരുന്നു. ബാബ എങ്ങനെയാണ് എവിടേക്കാണ് വരുന്നത്, ആർക്കും ഒന്നും അറിയുന്നില്ല. നിങ്ങൾക്കറിയാം മുതലകൾ ധാരാളമുള്ള മഗധദേശത്തിലേക്കാണ് വരുന്നത്. മനുഷ്യർ ഇപ്പോൾ എന്തും ഭക്ഷിക്കുന്നവരായി. ഏറ്റവും കൂടുതൽ വൈഷ്ണവർ ഭാരതത്തിലായിരുന്നു. ഇത് വൈഷ്ണവരാജ്യമല്ലേ. മഹാൻ പവിത്ര ദേവാത്മാക്കളെവിടെ, എന്തെല്ലാമോ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യരെവിടെ. നരഭോജികളുമായും മാറുന്നു. ഭാരതത്തിന്റെ അവസ്ഥ എന്തായി മാറി. ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ രഹസ്യവും മനസ്സിലാക്കിത്തരികയാണ്. മുകളിൽനിന്ന് താഴെവരേക്കുള്ള പൂർണ്ണമായ ജ്ഞാനവും നൽകുന്നു. ആദ്യമാദ്യം നിങ്ങളായിരുന്നു ഈ ഭൂമിയിൽ ഉണ്ടായിരുന്നത്. പിന്നീട് മനുഷ്യർ വർദ്ധിക്കുന്നു. കുറച്ച് സമയത്തിനുശേഷം അയ്യോ അയ്യോ നിലവിളികൾ ഉണ്ടായിരിക്കും പിന്നീട് ജയജയാരവം ഉണ്ടാകും. സ്വർഗ്ഗത്തിൽ നോക്കൂ എത്ര സുഖമാണ്. നിങ്ങളുടെ ലക്ഷ്യത്തിന്റെ അടയാളം നോക്കൂ. നിങ്ങൾ കുട്ടികൾക്ക് ധാരണയും ചെയ്യണം. എത്ര ഉയർന്ന പഠിപ്പാണ്. ബാബ എത്ര വ്യക്തമായി മനസ്സിലാക്കിത്തരികയാണ്. മാലയുടെ രഹസ്യവും മനസ്സിലാക്കിത്തരുന്നുണ്ട്, മുകളിൽ പൂവായിട്ടുള്ളത് ശിവബാബ, പിന്നീട് ജോഡി.... പ്രവർത്തിമാർഗ്ഗമല്ലേ. നിവൃത്തിമാർഗ്ഗത്തിലുള്ളവർക്ക് മാല ജപിക്കാനുള്ള നിയമമില്ല. ഇത് തന്നെയാണ് ദേവീദേവതകളുടെ മാല, അവരെങ്ങനെയാണ് രാജ്യം നേടിയത്, നിങ്ങളിലും നമ്പർക്രമമാണ്. ചില കുട്ടികൾ നിർഭയരായി ആർക്ക് വേണമെങ്കിലും മനസ്സിലാക്കി കൊടുക്കും-വരൂ ഞങ്ങൾ നിങ്ങൾക്ക് ആർക്കും പറഞ്ഞ് തരാൻ സാധിക്കാത്ത കാര്യം പറഞ്ഞ് തരാം. ശിവബാബയുടേതായവർക്കല്ലാതെ മറ്റാർക്കും അറിയുകയേയില്ല. അവരെ ഈ രാജയോഗം പഠിപ്പിച്ചതാരാണ്. വളരെ രസകരമായി ഈ ജ്ഞാനം മനസ്സിലാക്കിക്കൊടുക്കണം. 84 ജന്മങ്ങളെടുത്ത് ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ.... ബാബ എത്ര സഹജമായി ജ്ഞാനം

പറഞ്ഞുതരുന്നു. പവിത്രമായി മാറുകയും വേണം. അപ്പോഴേ ഉയർന്ന പദവി നേടാൻ കഴിയൂ. മുഴുവൻ വിശ്വത്തിലും ശാന്തി സ്ഥാപന ചെയ്യുന്നത് നിങ്ങളാണ്. ബാബ നിങ്ങൾക്ക് രാജ്യഭാഗ്യം നൽകുകയാണ്. ദാതാവല്ലേ. ബാബ ഒന്നും എടുക്കുന്നില്ല. നിങ്ങളുടെ പഠിപ്പിന് ഇതാണ് ഉപഹാരം. ഇങ്ങനെയുള്ള ഉപഹാരം ആർക്കും നൽകാൻ സാധിക്കില്ല. ഇങ്ങനെയുള്ള ബാബയെ എന്തുകൊണ്ട് ഓർമ്മിക്കുന്നില്ല. ലൗകിക പിതാവിനെ മുഴുവൻ ജന്മത്തിലും ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. പാരലൗകിക പിതാവിനെ എന്തുകൊണ്ട് ഓർമ്മിക്കുന്നില്ല. ബാബ പറയുന്നു. ഇത് യുദ്ധമൈതാനമാണ്, സമയമെടുക്കും പാവനമായി മാറാൻ. യുദ്ധം പൂർത്തിയാകുന്നതുവരെയുള്ള അത്രയും സമയമെടുക്കും. ആര് ആദ്യം വന്നോ അവർ പൂർണ്ണമായും പാവനമായി മാറും എന്നുമല്ല. ബാബ പറയുന്നു മായയുടെ യുദ്ധം വളരെ ശക്തമായി നടക്കുന്നുണ്ട്. നല്ല നല്ലവരുടെ മുന്നിൽ പോലും മായ ജയിക്കുന്നു. ഇത്രയും ബലവാനാണ്. വീണുപോകുന്നവർ പിന്നെ മുരളി എങ്ങിനെ കേൾക്കാൻ. സെന്ററിൽ വരുന്നേയില്ലെങ്കിൽ അവരെക്കുറിച്ച് എങ്ങിനെ അറിയാൻ കഴിയും. മായ പൂർണ്ണമായും ചില്ലിക്കാശിനുപോലും യോഗ്യതയില്ലാതാക്കി മാറ്റുന്നു. മുരളി പഠിക്കുമ്പോഴാണ് ഉണർവ്വുണ്ടാകുന്നത്. മോശമായ ജോലികളിലും ഏർപ്പെടുന്നു. വിവേകശാലികളായ കുട്ടികൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം-നിങ്ങളെങ്ങനെ മായയുടെ മുന്നിൽ തോറ്റു. ബാബ നിങ്ങൾക്ക് എന്താണ് കേൾപ്പിക്കുന്നത് നിങ്ങൾ വീണ്ടും എവിടേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. മായ അവരെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു എന്നു കാണുമ്പോൾ രക്ഷപ്പെടുത്താനുള്ള പരിശ്രമം ചെയ്യണം. മായ പൂർണ്ണമായും വിഴുങ്ങാതെ നോക്കണം. വീണ്ടും ഉണർവ്വുണ്ടാകട്ടെ, അല്ലെങ്കിൽ ഉയർന്ന പദവി നേടില്ല. സദ്ഗുരുവിന്റെ നിന്ദ ചെയ്യിപ്പിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ബാബയിൽ നിന്ന് സൈലൻസിന്റെ കല പഠിച്ച് പരിധിയുള്ള ലോകത്തിൽനിന്നും അപ്പുറം പരിധിയില്ലാത്തതിലേക്ക് പോകണം. ലഹരിയുണ്ടാകണം ബാബ നമ്മളെ എത്ര അത്ഭുതകരമായ ജ്ഞാനം തന്ന്, എത്ര ഉയർന്ന പ്രൈസാണ് നൽകുന്നത്.

2) നിർഭയരായി വളരെ രസകരമായ രീതിയിൽ സേവനം ചെയ്യണം. മായയുമായുള്ള യുദ്ധത്തിൽ ബലവാനായി മാറി വിജയം നേടണം. മുരളി കേട്ട് ഉണർവ്വുള്ളവരായിരിക്കണം, എല്ലാവരേയും ഉണർത്തുകയും ചെയ്യണം.

### വരദാനം:- പരമപൂജ്യരായി മാറി പരമാത്മാ സ്നേഹത്തിന്റെ അധികാരം പ്രാപ്തമാക്കുന്ന സമ്പൂർണ്ണ സ്വച്ഛ ആത്മാവായി ഭവിക്കട്ടെ.

സദാ ഈ സ്മൃതി ജീവിതത്തിൽ കൊണ്ടുവരൂ അതായത് ഞാൻ പൂജ്യാത്മാവ് ഈ ശരീരമാകുന്ന ക്ഷേത്രത്തിൽ വിരാജിതനാണ്. അങ്ങനെയുള്ള പൂജ്യാത്മാവ് തന്നെയാണ് സർവ്വർക്കും പ്രിയപ്പെട്ടവർ . അവരുടെ ജഡമൂർത്തികൾ പോലും എല്ലാവർക്കും പ്രിയപ്പെട്ടതായിരിക്കും. ചിലർ പരസ്പരം കലഹിക്കും പക്ഷെ മൂർത്തിയെ സ്നേഹിക്കും എന്തെന്നാൽ അവരിൽ പവിത്രതയുണ്ട്. അതിനാൽ സ്വയം തന്നോട് ചോദിക്കൂ മനസ്സും ബുദ്ധിയും സമ്പൂർണ്ണ ശുദ്ധമായോ അല്പമെങ്കിലും അശുദ്ധി കലർന്നിട്ടില്ലല്ലോ? ആര് അപ്രകാരം ശുദ്ധമാണോ അവർ തന്നെയാണ് പരമാത്മാ സ്നേഹത്തിന് അധികാരി.

### സ്ലോഗൻ:- ജ്ഞാനത്തിന്റെ ഖജനാവുകളെ സ്വയത്തിൽ ധാരണ ചെയ്ത് ഓരോ സമയത്തും ഓരോ കർമ്മവും വിവേകത്തോടെ ചെയ്യുന്നവർ തന്നെയാണ് ജ്ഞാനീ-തൂ ആത്മാക്കൾ.